"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് -2020 -21 വാർഷിക പദ്ധതി- സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാനുള്ള പദ്ധതി (പ്രൊജക്റ്റ് നമ്പർ. 182/2020-21 ) നടപ്പാക്കുന്നത്- അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

**തദ്ദേശ സ്വയംഭരണ (ഡി .എ) വകുപ്പ്**

**സ.ഉ.(സാധാ) നം.397/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/02/2021

---

പരാമർശം:- 1 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.12.2020-ലെ അപേക്ഷ .

2 ആലപ്പുഴ ജില്ലാ പ്ലാനിങ് ഓഫീസറുടെ 31.12.2020 ലെ കത്ത്

3 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 07.01.2021-ലെ 4.28 നമ്പർ തീരുമാനം

**ഉത്തരവ്**

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന കാർത്തികപ്പള്ളി- ഠാണാപ്പടി തോട്ടിൽ വ്യാപകമായി അറവ് മാലിന്യങ്ങൾ ഉൾപ്പടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായും ആയത് യാത്രക്കാർക്കും സ്ഥലവാസികൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും ആരോപിച്ചുകൊണ്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കാർത്തികപ്പള്ളി താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി ബഹു.ഹരിപ്പാട് മുൻസിഫ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തുകയും തുടർന്ന് അടിയന്തിരമായി ഇറിഗേഷൻ വകുപ്പും , പൊതുമരാമത്ത് വകുപ്പും , ഗ്രാമപഞ്ചായത്തും ചേർന്ന് തോട് മാലിന്യ മുക്തമാക്കി നീരൊഴുക്ക് പുന:സ്ഥാപിക്കണമെന്നും തുടർന്നുള്ള മാലിന്യ നിക്ഷേപം തടയുന്നതിലേക്ക് നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് വിവരം രേഖാമൂലം താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത്, ഇറിഗേഷൻ വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും സഹകരണത്തോടെ പ്രസ്തുത തോട്ടിലെ മുഴുവൻ മാലിന്യവും നീക്കി യഥാവിധി മാലിന്യ സംസ്കരണം നടത്തുകയും നീരൊഴുക്ക് പുന:സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. തുടർന്നുള്ള മാലിന്യ നിക്ഷേപം തടയുന്നതിന് തോടിന്റെ കരയിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കുന്നതിലേക്ക് തനത് ഫണ്ടിൽ നിന്ന് 100000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വകയിരുത്തി സി.സി.ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതി (പ്രൊജക്റ്റ് നമ്പർ. 182/2020-21) ഏറ്റെടുക്കുന്നതിന് അനുവാദം നൽകണമെന്ന കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (1) അപേക്ഷ പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (3)

തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, CC ക്യാമറയുടെ മോണിറ്ററിംഗ് സംവിധാനം ഉറപ്പാക്കണമെന്ന നിബന്ധനയോടെ, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020 -21 വാർഷിക പദ്ധതിയിലുൾപ്പെട്ട സി.സി.ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് (പ്രൊജക്റ്റ് നമ്പർ. 182/2020-21 ) അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ ലീഗൽ സർവ്വീസ് സൊസൈറ്റി നിർദ്ദേശിച്ച പ്രകാരം പൊതുജനപങ്കാളിത്തത്തോടെ തോട് ശുചീകരിക്കാൻ കൂടി നടപടി സ്വീകരിക്കണം എന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

സെക്രട്ടറി, കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. ,തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SURESH KUMAR K
Date: 2021.02.1? 12:21:14 IST
Reason: Approved
സെക്ഷൻ ഓഫീസർ